കേരള പോലീസ്
KERALA POLICE

# മാല മോഷ്ടാവ് അറസ്റ്റിൽ



മൂലമറ്റം അശോക കവല ഭാഗത്തു നിന്നും അന്നമ്മ എന്ന സ്ത്രീയുടെ മാല കാറിൽ വന്ന് പൊട്ടിച്ചു കൊണ്ടു പോയ പ്രതി പോലീസ് കസ്റ്റഡിയിൽ. മേലുകാവ് പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചതിനെ തുടർന്ന് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ചും, മൊബൈൽ കോളുകൾ പരിശോധിച്ചും മോഷ്ടാക്കൾ എത്തിയ കാർ കണ്ടെത്തിയതിനെ തുടർന്ന് പ്രതികളിലൊരാളായ കടനാട് വല്യാത്ത് ഭാഗത്ത് താമസിക്കുന്ന പനച്ചിക്കാലായിൽ രാജേഷ് എന്നയാളെ എസ്.ഐ സന്ദീപ് കെ.റ്റി യുടെ നേതൃത്ത്വത്തിലുള്ള സംഘം ഇന്ന് (21/2/19 തീയതി) അറസ്റ്റ് ചെയ്തു. ഇയാളുടെ കൂട്ടുപ്രതികളെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തി വരുന്നു. നീലൂർ പുറവിള ഭാഗത്തുള്ള ബന്ധു വീട്ടിലേക്ക് വന്നപ്പോളാണ് അന്നമ്മയുടെ മാല പൊട്ടിച്ചുകൊണ്ട് പോയത്. മേലുകാവ് പോലീസ് സ്റ്റേഷനിലെ എ. എസ്.ഐ ഷാജുദീൻ റാവുത്തർ, എസ്.സി.പി.ഒ രാജേഷ് , സി.പി.ഓ മാരായ ഷിബു, അനിൽ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത് .

***ജില്ലാ പോലീസ്, കോട്ടയം***